# ജാമക്കാരൻ
# JAMAKKARAN

VOLUME - 7 | Reg NO.TNBIL/2016/70171 | ISSUE - 11

NOVEMBER - 2023 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=


(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)
പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1കൊരി:2:15)
(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).


0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. 9894261333




വായനക്കാർ എല്ലാവർക്കും പുതുവർഷ ആശംസകൾ പറയുന്നു

ഈ നവംബർ മാസ മാസിക ഡിസംബർ മാസത്തിലാണു നിങ്ങൾക്കു ലഭിക്കുക. നവംബർ മാസം എന്റെ വിദേശരാജ്യ കൺവൻഷന്റെ ഭാഗമായി ഒമാനിൽ നടന്ന (ഒമാൻ-ഗൾഫ്) കൺവെൻഷനും അതുകഴിഞ്ഞ് നടന്ന മറ്റു കൺവെൻഷനുകളും വളരെ അനുഗ്രഹമായിരുന്നു.

മസ്കറ്റിൽ ഇറങ്ങിയ ഉടൻ രണ്ടു സഭകളുടെ അച്ചൻമാർ ഭാരവാഹികൾ സഭക്കാർ എല്ലാപേരും നേരിട്ടുവന്ന് ബൊക്കെ തന്നു എന്നെ സ്വീകരിച്ചതു മാത്രമല്ല വിമാനത്താവണത്തിൽ വച്ചു എല്ലാപേരുടെ മുമ്പിലും ഒരു പ്രാർത്ഥനയും നടത്തി എന്നെ ഫൈവ് സ്റ്റാർ ഹോട്ടലിൽ താമസിക്കാൻ ഏർപ്പാടു ചെയ്തു മടങ്ങിപ്പോയി. എന്റെ മടക്കയാത്രയിലും അതിരാവിലെ എന്നെ വിമാനത്താവളത്തിൽ കൊണ്ടു വന്നു

ജാമക്കാരൻ JAMAKKARAN

സന്തോഷത്തോടെ വിടപറഞ്ഞു. മസ്കറ്റിൽ പ്രസംഗിക്കുന്നതു ഇതു മൂന്നാമത്തെ പ്രാവശ്യം. ജനങ്ങൾ വചനം കേൾക്കാൻ വളരെ ആകാംഷയോടെ കാത്തിരുന്നു. അതു ഒമാൻ ദേശത്തിന്റെ സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന ആഴ്ചയായിരുന്നു. അതുകൊണ്ടു വെള്ളിയാഴ്ചവരെ തുടർച്ചയായി 4 ദിവസം അവർക്കു അവധിയായിരുന്നു. ആഘോഷത്തിൽ പങ്കെടുക്കുന്ന അർത്ഥത്തിൽ എല്ലാവർക്കും അവധി നല്കി. ആശുപത്രികളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്കും നഴ്സുമാർക്കും പ്രത്യേക അവധി ലഭിച്ചു. അതുകൊണ്ട് പള്ളി വിശ്വാസികളാൽ നിറഞ്ഞു കവിഞ്ഞു. സലാല എന്നുള്ള സ്ഥലത്തിന്റെ അടുത്തുള്ള സി.എസ്.ഐ. പള്ളിയിൽ ഞായറാഴ്ച രാത്രി പ്രത്യേക ആരാധന ഉണ്ടായിരുന്നു. അതിലും ഞാൻ പ്രസംഗിച്ചു. ദൈവത്തിന്റെ നാമം മഹിമപ്പെടട്ടെ. ശനിയാഴ്ച ചോദ്യം ചോദിക്കാനുള്ള പ്രത്യേക ദിവസം. അതു കൺവെൻഷൻ പ്രസംഗത്തെക്കാൾ വളരെ പ്രയോജനമായിരുന്നു. അന്ന് എന്നോടു ചേർന്നു കഴിക്കാൻ പ്രത്യേക ഡിന്നർ ഏർപ്പാടു ചെയ്തിരുന്നു. ആ ഏർപ്പാടു വലിയ ഹോട്ടലിൽ ആയിരുന്നു. ഇങ്ങനെ അവർ കാണിച്ച നല്ല സ്നേഹത്തിന് ദൈവത്തെ സ്തുതിക്കുന്നു. വിശ്വാസികൾ ഭൂരിപക്ഷം നല്ല ആത്മീയകൊതിയുള്ളവർ ആയിരുന്നു. കർത്താവിനു സ്തോത്രം.

കൊറോണ രോഗത്തിൽ നിന്നു വിടുവിച്ച ദൈവം 3 വർഷങ്ങൾ എവിടെയും പോകാതിരുന്ന എന്നെ സുഖത്തോടും ബലത്തോടും ആരോഗ്യത്തോടും മടങ്ങിവന്നു ഇവിടെയുള്ള ഒരു യോഗത്തിലും പങ്കെടുക്കുവാൻ സഹായിച്ചു.

ഡിസംബർ മാസത്തിലും ജനുവരി 2024 –ാം വർഷത്തിലും നടക്കുന്ന എല്ലാ യോഗത്തിലും തുടർന്നു എനിക്കു ബലം തരാൻ വേണ്ടി പ്രാർത്ഥിക്കണം എന്നു അപേക്ഷിക്കുന്നു. ജനുവരി മാസം ഏകദേശം 30,000 പേർ കൂടുന്ന കെസവിക്ക് കൺവെൻഷനിൽ പ്രധാന പ്രസംഗിയായി ഞാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നു.

ദൈവം നിങ്ങളെ എല്ലാപേരെയും അനുഗ്രഹിക്കുമാറാകട്ടെ. നിങ്ങൾക്ക് എല്ലാപേർക്കും എന്റെ ക്രിസ്തുമസ് പുതുവത്സരാശംസകൾ.

ഡോ. **പുഷ്പരാജ്**

# എന്റെ അയൽക്കാരൻ ആരാണ്

ഡോൺ ഹിൽസ

ബുദ്ധിമാനായ ഒരു ന്യായശാസ്ത്രി ഒരു കൗശലചോദ്യവുമായി യേശുവിന്റെ അടുക്കൽ വന്നു. 'ആരാണ് എന്റെ അയൽക്കാരൻ (ലൂക്കൊസ് 10:29). അവൻ ഒരു കുസൃതി ചോദ്യം ചോദിച്ചതിനാൽ, ഏതൊരു കുട്ടിക്കും മനസ്സിലാക്കാൻ കഴിയുന്ന ഒരു കഥ പറഞ്ഞുകൊണ്ട് യേശു ഉത്തരം നല്കി.

നമ്മുടെ അയൽക്കാരൻ ആരാണെന്ന് അറിയില്ല എന്നു നടിച്ചുകൊണ്ട് നമുക്ക് പ്രവർത്തിക്കാൻ സാധിക്കുമോ? 'മറ്റൊരുത്തന്റെ അടുക്കൽ നിവസിക്കുന്ന ഒരുത്തൻ എന്നാണ് ഒരു അയൽക്കാരനെ നിഘണ്ടു നിർവചിക്കുന്നത്. ക്രിസ്തുവിനു വേണ്ടി ലോകത്തെ നേടുന്നതിന് ദൈവം ഒരുക്കിയിരിക്കുന്ന കാര്യപരിപാടിയിൽ ഇത് ഒത്തുചേരുന്നു. ആവശ്യത്തിൽ ഇരിക്കുന്ന ഓരോ വ്യക്തിയും നമ്മുടെ അയൽക്കാരനാണ്. ക്രിസ്തുവിനെ കൈക്കൊള്ളാത്ത സ്ത്രീ പുരുഷന്മാരാൽ നാം ചുറ്റപ്പെട്ടിരിക്കുന്നു. ചിലർ പ്രാത്ഥിക്കണം, ചിലർ കൊടുക്കണം, ചിലർ പോകണം എന്നത് സത്യമല്ല. എല്ലാവരും പ്രാർത്ഥിക്കണം, എല്ലാവരും കൊടുക്കണം, എല്ലാവരും പോകണം, മിഷണറി കൊടുക്കലിൽ അധിഷ്ഠിതമല്ലെങ്കിൽ നമ്മുടെ മിഷണറി പ്രാർത്ഥനയും, കൊടുക്കലും മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ ആയിരിക്കും. ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവിന് സാക്ഷി ആയിരിക്കണം. മനുഷ്യനെ അവന്റെ നഷ്ടപ്പെട്ട അവസ്ഥയിൽ നിന്നും ഉയർത്താൻ ഒരു ശക്തിയായ താല്പര്യം പ്രദർശിപ്പിക്കുന്നില്ലെങ്കിൽ ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തിന്റെ പ്രവചനം കാപട്യമാകുന്നു.

## "അവൻ കള്ളന്മാരുടെ കയ്യിൽ വീണു" (വാക്യം 30)

യെരൂശലേമിൽ നിന്നും യെരിഹോവിലേക്ക് യാത്രചെയ്ത മനുഷ്യന്റെ

പക്കൽ കള്ളന്മാരെ ഏറ്റവും ശക്തമായി ആകർഷിച്ച ഏതോ കാര്യം ഉണ്ടായിരുന്നു. മാനുഷിക അനുഭവത്തെ സംബന്ധിച്ച് എത്രമാത്രം പ്രത്യേകതയുള്ളതാണ്. ഒഴിച്ചു കൂടാതവണ്ണം ആഗ്രഹിക്കത്തക്ക ഏതോ ഒന്നിനെ മനുഷ്യനിൽ സാത്താൻ കണ്ടെത്തുന്നു. ദുഷ്ടന്റെ ദയയറ്റ ക്രൂരതയുടെ തെളിവുകൾ കൊണ്ട് ചരിത്രം പൂരിതമാണ്. മനുഷ്യജീവിതങ്ങളിൽ സാത്താൻ വരുത്തിക്കൂട്ടിയിട്ടുള്ള വിപത്തുകളുടെ തൊളിവുറ്റ അടയാളങ്ങൾകൊണ്ട് ലോകത്തിലെ ഓരോ മിഷൻ വയലേലയും നിറഞ്ഞിരിക്കുന്നു. ഈ കള്ളന്മാരെ കൺമോഹം, ജഡമോഹം ജീവനത്തിന്റെ പ്രതാപം എന്ന് നമുക്ക് വിളിക്കാം.

ഇവ സാത്താൻ യുഗങ്ങളായി വിനിയോഗിക്കുന്ന മാധ്യമങ്ങളാണ്. ഈ കള്ളന്മാർ പല വസ്ത്രങ്ങൾ മാറാൻ കരുത്തുള്ളവരാണ്. കമ്മ്യൂണിസത്തിന്റെ വാദത്തിന്റെ കറുത്ത കുപ്പായം, പോളി ചുവപ്പുവസ്ത്രം, റോമനിസത്തിന്റെ പർപ്പിൾ ഉടുപ്പ്, നിരീശ്വരവാദത്തിന്റെ കറുത്ത കുപ്പായം. പോളിത്തീയസത്തിന്റെ സാഫ്രൺ ഉടുപ്പ്, അധാർമ്മികതയുടെ ചുവപ്പ് അങ്കി, ഭൗതികത്വത്തിന്റെ അലംഭാവത്തിന്റെ വിളറിയ വസ്ത്രം എന്നിവ അവർ ധരിച്ചു എന്നിരിക്കാം.

“വസ്ത്രം ഊരി, മുറിവേൽപ്പിച്ച്, അർദ്ധപ്രാണനായി വിട്ടേച്ചുപോയി” (വാക്യം 30)

മിഷൻ വയലേലകളെ ഇത് എത്രമാത്രം പ്രതിനിധാനം ചെയ്യുന്നു. ക്രിസ്തുവിനെ കൂടാതെയുള്ള സ്ത്രീ പുരുഷന്മാരുടെ അവസ്ഥയെ മറ്റൊരു വാക്കുകളിലും കൂടുതൽ തക്കതായി വിശദീകരിക്കാൻ കഴികയില്ല. സാത്താന്റെ പ്രേരണയാലുള്ള മനുഷ്യാരാധന, പക്ഷികൾ, മൃഗങ്ങൾ, ഇഴജന്തുകൾ എന്നിവയെ ആരാധിക്കുക എന്നിവയിലൂടെ ലക്ഷക്കണക്കിനാളുകൾ വിശുദ്ധ സ്വഭാവം കൈവിട്ടിരിക്കുകയാണ്. അവർക്ക് അവരുടെ ധാർമ്മികത, വിശ്വാസം എന്നിവ ഉരിയപ്പെട്ടിരിക്കുന്നു. ശിരസ്സു മുതൽ പാദം വരെ രോഗബാധിതമായ ശരീരം, മുഴുവൻ മുറിവുകളും പഴുത്തൊലിക്കുന്ന വ്രണങ്ങളും ക്രിസ്തു ഇല്ലാത്ത ഒരു മനുഷ്യനെ ചിത്രീകരിക്കുന്നു. ഈ വ്രണങ്ങളിലൂടെ മന്ത്രവാദം, ജാരശങ്ക, കുലപാതകം, പക, പിണക്കം, അസൂയ, മറ്റ് നൂറ് തരത്തിലെ ദുഷ്ടത

എന്നിവ വമിക്കുന്നു. ഇതാണ് നിന്റെ അയൽക്കാരൻ, നിന്റെ ബിസിനസ്സ് കൂട്ടാളി, നിന്റെ സ്നേഹിതൻ.

## “വന്നു കണ്ടു, കടന്നുപോയി” (വാക്യം 31,32)

രണ്ട് മത നേതാക്കന്മാരെ യേശു ഈ രംഗത്ത് കൊണ്ടു വരുന്നത് പ്രാധാന്യം അർഹിക്കുന്നു. ‘മനുഷ്യന് ദൈവത്തോടുള്ള ബന്ധത്തിന്റെ അടയാളമായി പുരോഹിതൻ നിലകൊള്ളുമ്പോൾ മനുഷ്യന് മനുഷ്യനോടുള്ള ബന്ധത്തിന്റെ അടയാളമായി ലേവ്യൻ നിലകൊള്ളുന്നു. ആവശ്യത്തിലിരുന്ന മനുഷ്യന് ഒന്നും ചെയ്യാത്തതിലൂടെ ആദ്യത്തെ ആൾ ദൈവത്തെ സ്നേഹിച്ചില്ല എന്ന് വ്യക്തമാക്കി. രണ്ടാമൻ തന്റെ സ്നേഹിതനെ സ്നേഹിച്ചില്ല എന്ന് വ്യക്തമാക്കി, ദൈവത്തെ സ്നേഹിക്കുക, മനുഷ്യനെ സ്നേഹിക്കുക എന്നു പറഞ്ഞുകൊണ്ട് അവർ ഇരുവരും നടത്തിയ ശബത്ത് ദിവസം പ്രഭാഷണങ്ങൾ ഒന്നും തന്നെ അവരുടെ ഹൃദയങ്ങളിൽ ക്രിയ ചെയ്തില്ല. അത്തരത്തിലെ കടുത്ത കപടഭക്തിയിൽ നിന്നും വിമോചനം നേടേണ്ടതിന് നമുക്ക് പ്രാർത്ഥിക്കാം. അവർ വന്നു കണ്ടു കടന്നുപോയി. അവർ വന്നു കണ്ടതിൽ നമുക്ക് സന്തോഷമുണ്ട്. നമ്മുടെ അയൽക്കാരും, സമുദായങ്ങളും, പട്ടണങ്ങളും ദേശങ്ങളും ക്രിസ്തുവിനെ കൂടാതെ നഷ്ടപ്പെടുന്ന അവസ്ഥ നമുക്ക് മുന്നമേ അറിവുള്ളതാണ്.

പുരോഹിതനും ലേവ്യനും നീങ്ങി കടന്നുപോയതിന് അവർക്ക് കാരണങ്ങൾ പറയാനുണ്ടായിരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടതു മനുഷ്യനെക്കുറിച്ചുള്ള ഭയമാണ്. ഏതൊരു വൃക്ഷത്തിന്റെയും കുറ്റിക്കാടിന്റെയും പിന്നിൽ ആയിരിക്കാം ഈ ക്രൂരന്മാരായ കള്ളന്മാർ ഒളിച്ചിരിക്കുന്നത്? അവരുടെ ആക്രമണത്തിന് അടുത്തതായി ഇരയാകുന്നവർ പുരോഹിതനും ലേവ്യനും ആയിരിമോ? ദൈവത്തെ അല്പം മാത്രം ഭയക്കുകയും മനുഷ്യനെ അധികം ഭയക്കുകയും ചെയ്യുന്നത് തീർച്ചയായും അരോചകമാണ്. കൂടാതെ ഈ മനുഷ്യർക്ക് അവരുടെ കർത്തവ്യങ്ങൾ നിറവേറ്റാനുണ്ടായിരുന്നു. അവരുടെ പാപം തന്നെയാണ് നമ്മുടേതും. ആവശ്യത്തിലിരിക്കുന്ന ഒരു അയൽക്കാരനെ ശുശ്രൂഷിക്കുന്നത്

അവഗണിച്ചുകൊണ്ട് സാമൂഹ്യ സല്ലാപത്തിൽ ഒരു സായാഹ്നം ചിലവിടാൻ എത്ര പ്രാവശ്യം നാം മുതിർന്നിട്ടിണ്ട്.

## 'എന്നാൽ ഒരു ശമര്യാക്കാരൻ' (വാക്യം 33)

നമ്മോട് അത് പറഞ്ഞിട്ടില്ലെങ്കിലും, നമ്മുടെ നല്ല ശമര്യാക്കാരൻ യോഹന്നാൻ 4–ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പോലെ ശമര്യാകാരത്തിയുടെ സാക്ഷ്യത്തിലൂടെ യേശുവിനെ കൈക്കൊണ്ട് പരിവർത്തനം സിദ്ധിച്ചവരിൽപ്പെട്ടവൻ എന്നു തോന്നിപ്പോകും. പുരോഹിതന്റെയും ലേവ്യന്റേയും അതേ കാരണങ്ങളും കൂടാതെ ഒരു കാരണവും കൂടെ ഉണ്ടായിരുന്നു. ആ കാരണം വളരെ ശക്തിയേറിയതായിരുന്നു. ''വേർതിരിവിന്റെ ആത്മാവും യഹൂദന്മാരും ശമര്യാക്കാരും തമ്മിലെ ജാതീയ ശത്രുതയും വളരെ കയ്പേറിയതായിരുന്നു". മുറിവേൽക്കപ്പെട്ട മനുഷ്യന് അയൽക്കാരൻ ആയത് ആര് എന്ന് കഥയുടെ അവസാനത്ത് യേശു ചോദിച്ചപ്പോൾ അവനോട് കരുണ കാണിച്ചവൻ തന്നെ (വാക്യം 37) എന്ന് ന്യായശാസ്ത്രി മറുപടി നല്കി. ശമര്യാക്കാരൻ എന്ന് പറയാൻ അവൻ വിസമ്മതിച്ചു. അവൻ ആ പേര് തന്റെ നാവിൽ എടുക്കയില്ല.

## അവൻ അവന്റെ അടുക്കൽ പോയി (വാക്യം 34)

മരിക്കാറായിരിക്കുന്ന മനുഷ്യനെ തന്റെ അടുക്കലേയ്ക്ക് ആകർഷിക്കാൻ ശമര്യാക്കാരൻ പരിശ്രമിക്കുന്നില്ല. അങ്ങനെ പരിശ്രമിച്ചിരുന്നെങ്കിൽ അത് ഗുരുതരമായേനേ. എന്നാൽ ഇന്നത്തെ സഭ അതാണ് ചെയ്തുകൊണ്ടിരിക്കുന്നത്. സഭയിലേക്ക് ആളുകളെ ആകർഷിക്കേണ്ടതിന് വലിയ പേരുകൾ, തിളങ്ങുന്ന കാര്യപരിപാടികൾ, ആക്കം കൂട്ടിയ പരസ്യങ്ങൾ എന്നിവ സഭ അനുവർത്തിച്ചുവരുന്നു. പ്രബോധിപ്പിക്കുകയും, ആഹ്വാനം നല്കുകയും ചെയ്തു ക്രിസ്തുവിനു വേണ്ടി പെരുവഴികളിലും ചെറുനിരത്തുകളിലും പോകാൻ അഭ്യസനം നല്കുന്ന ഒരു ക്ലാസ്സ് മുറിയാണ് സഭ. ഒരിക്കലും സഭ ഒരു പ്രസവ വാർഡോ അനാഥാലയമോ അല്ല. അത് പട്ടാളക്കാരെ പരിശീലിപ്പിക്കുന്ന ഒരു സൈനിക ക്യാമ്പാണ്. വ്യക്തികൾ

കാണപ്പെടുന്ന അവസ്ഥയിൽ തന്നെ ക്രിസ്തുവിങ്കൽ അവരെ ആദായപ്പെടുത്തുകയാണ്. മുന്നേറുന്ന ക്രിസ്ത്യാനിയാണ് വളരുന്ന ക്രിസ്ത്യാനി, ഇത് സഭയെ സംബന്ധിച്ചും അന്വർത്ഥമാണ്.

**"എണ്ണയും വീഞ്ഞും പകർന്ന് മുറിവുകളെ കെട്ടി" (വാക്യം 34)**

എന്തെങ്കിലും വേഗത്തിൽ ചെയ്യേണ്ടതുണ്ട്. വൈദ്യസഹായത്തിനായി യെരീഹോ വരെ പോകാൻ സമയമില്ല.

"നല്ല ശമര്യാക്കാരാ, നിന്റെ കൈയ്യിൽ എന്തുണ്ട്?"

''കർത്താവേ, ഈ വസ്ത്രം മാത്രമേ എനിക്കുള്ളൂ. എന്റെ കുഞ്ഞുങ്ങൾക്ക് ഭക്ഷണം വാങ്ങാൻ ഈ എണ്ണ വില്ക്കണം. ചൂടേറിയ ഈ ദീർഘയാത്രയിൽ ദാഹശമനത്തിനാണ് ഈ ചെറിയ കുപ്പിയിലെ വീഞ്ഞ് ".

"നല്ല ശമര്യാക്കാരാ, എന്നെ കർത്താവേ, കർത്താവേ എന്ന് വിളിക്കയും ഞാൻ കല്പിക്കുന്ന കാര്യങ്ങൾ ചെയ്യാതിരിക്കയും ചെയ്യുന്നത് എന്തു?"

"അതേ, കർത്താവേ, എന്റെ ഇഷ്ടം പോലെ അല്ല, അങ്ങയുടെ ഇഷ്ടം പോലെ തന്നെ ആകട്ടെ".

ശമര്യാക്കാരൻ തന്റെ വസ്ത്രം ചെറിയ ചെറിയ കഷണങ്ങളായി കീറി മുറിവേറ്റവന്റെ മുറിവുകളെ കെട്ടുന്നു. അവന്റെ ഹൃദയത്തിൽ സന്തോഷം അലതല്ലുന്നു. ഒരു തരത്തിലെയും നഷ്ടത്തെക്കുറിച്ചോ ത്യാഗത്തെക്കുറിച്ചോ അവനു ഒരു ബോദ്ധ്യവുമില്ല. അവന്റെ പക്കലുള്ള വീഞ്ഞ് ഉപയോഗിച്ച് മുറിവുകൾ കെട്ടി. തന്റെ രക്ഷിതാവിന്റെ പാദങ്ങൾ അവൻ അഭിഷേകം ചെയ്യുന്നു എന്ന ചിന്ത അവന്റെ ഹൃദയത്തിൽ തുളച്ചുകയറി. മരിക്കാറായ അയൽക്കാരന്റെ ചുണ്ടുകളിലേക്ക് വീഞ്ഞ് പകർന്നു കൊടുത്തപ്പോൾ അവന്റെ സ്വന്തം ദാഹത്തിന് ശമനമുണ്ടായി. അദൃശ്യനായ ആരോ താണിറങ്ങി വന്നു അവന്റെ ചെവിയിൽ മന്ത്രിക്കുന്നു. "എനിക്ക് ദാഹിച്ചു നിങ്ങൾ കുടിക്കാൻ തന്നു..... ഈ ചെറിയവരിൽ ഒരുന് ചെയ്തതെല്ലാം എനിക്ക് ചെയ്തിരിക്കുന്നു".

"നന്ദി കർത്താവ് എന്ന് പ്രത്യുത്തരം പറയുമ്പോൾ, ശമര്യാക്കാരന്റെ കണ്ണുകളിൽ സന്തോഷ അശുക്കൾ നിറഞ്ഞു. ഇന്നു തുടങ്ങി എന്റെ എണ്ണക്കച്ചവടം അങ്ങയുടേതാണ് അത് ഭാഗീകമായിട്ടല്ല, പൂർണ്ണമായും, ഞാൻ ഭക്ഷിക്കുന്ന ആഹാരത്തെക്കുറിച്ചോ ഞാൻ ധരിക്കുന്ന വസ്ത്രത്തെക്കുറിച്ചോ ഞാൻ ഇനിമേലാൽ ചിന്തിക്കുന്നില്ല. ഈ കാര്യങ്ങളിൽ ഒരു വിശ്വസ്ത കാര്യസ്ഥനായിരിക്കുന്നത് എനിക്കുമതി, നുറുങ്ങിയ ഹൃദയം നിരസിക്കപ്പെട്ടതായിട്ടോ, വിശന്ന ശരീരം പോഷിപ്പിക്കപ്പെടാതെയോ, തകർന്ന ജീവിതം പുനരുദ്ധരിക്കപ്പെടാതെയോ ഇരിക്കുമ്പോൾ നാം ആഹാരം കഴിക്കയും, വസ്ത്രം ധരിക്കയും, ഭവനങ്ങളിൽ വസിക്കയും, കാർ ഓടിക്കയും, ബിസിനസ്സ് നടത്തുകയും ചെയ്യുന്നു എങ്കിൽ ദൈവത്തിൽ സമർപ്പിക്കപ്പെട്ട ജീവിതം നാം നയിക്കുന്നവരോ?

ഏതെങ്കിലും നല്ല ശമര്യാക്കാരന്റെ കരുതൽ നമുക്ക് ലഭിച്ചില്ലായിരുന്നെങ്കിൽ, ഞാനും നിങ്ങളും ക്രിസ്തു ഇല്ലാത്ത മറ്റനേകരെപ്പോലെ ഇന്നും കുഴഞ്ഞ ചേറ്റിൽ തന്നെ ആയിരിക്കുമായിരുന്നു.

**"അവനെ തന്റെ വാഹനമൃഗത്തിന്മേൽ കയറ്റി" (വാക്യം 34)**

മുറിവേൽക്കപ്പെട്ട മനുഷ്യന്റെ അബോധാവസ്ഥയിൽ നിന്നും അവൻ മോചിതനാകുമ്പോൾ, ഒരു നേരിയ മന്ദഹാസം അവന്റെ മുഖത്ത് നിഴലിടുന്നു. കഴുതയുടെ ചുമട് ഭാരമുള്ളതെങ്കിലും ശമര്യാക്കാരന്റെ ഹൃദയഭാരം നീങ്ങിപോകുന്നു. ദൈവത്തിനായി സമർപ്പിക്കപ്പെട്ട് അവന്റെ മഹത്വത്തിനായി നാം ഉപയോഗിക്കുപ്പെടുന്നില്ലെങ്കിൽ, നമ്മുടെ മനോഹര കാറുകളെ ഒക്കെയും ശമര്യാക്കാരന്റെ കഴുത സ്വർഗ്ഗത്തിൽ ലജ്ജിപ്പിക്കും. "കർത്താവിന് അതിനെക്കൊണ്ട് ആവശ്യമുണ്ട്" നിങ്ങളെക്കൊണ്ടും.

**"ഞാൻ മടങ്ങിവരുമ്പോൾ" (വാക്യം 35)**

നല്ല ശമര്യാക്കാരൻ രണ്ടാം മൈലിലേക്ക് പ്രയാണം ചെയ്തിരിക്കുന്നു എന്ന വസ്തുതയിൽ അഭിമാനമുണ്ട്. എങ്കിലും അവൻ ആ രംഗം വിട്ടു പോകുമ്പോൾ, അവൻ രണ്ട് വാഗ്ദത്തങ്ങൾ ചെയ്യുന്നു. 'വീണ്ടും വരും' എന്നത് ഒന്നാമത്തെത്. ഏത് ചെലവും 'മടക്കിത്തരാം' എന്നത് രണ്ടാമത്തേതും.

കഥ മുഴുവനും കർത്താവിന്റെ സ്വഭാവം ചിത്രീകരിക്കുന്നു. എന്നാൽ "ഞാൻ വീണ്ടും വരുമ്പോൾ, ഞാൻ തന്നുകൊള്ളാം" എന്ന പദപ്രയോഗത്തിൽ നല്ല ശര്യാക്കാരൻ മാതൃകയാണെന്ന് ഒരു സൂചനയുമില്ല.

"ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നും അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ" (1 കൊരി. 15:58)

## "അവനോട് കരുണ കാണിച്ചവൻ" (വാക്യം 37)

വേദപുസ്തക വിശ്വാസതലങ്ങളിൽ ചിലതിൽ കരുണ കാണിക്കുന്നത് കേവലം ഒരു നഷ്ടപ്പെട്ട കലയായിത്തീർന്നിരിക്കുന്നു. സാമൂഹ്യ സുവിശേഷീകരണത്തെ അംഗീകരിക്കാനുള്ള കടുത്ത വൈമുഖ്യം കാരണം മനുഷ്യന്റെ ശാരീരിക, സാമൂഹ്യ, വിദ്യാഭ്യാസ ആവശ്യങ്ങളെ നാം അവഗണിക്കുന്നു. മനുഷ്യൻ ദേഹം, ദേഹി, ആത്മാവ് ആകുന്നു എന്ന വസ്തുത നാം മറന്നിരിക്കുന്നു. മനുഷ്യന് ശിക്ഷ വിധിക്കാൻ നാം തയ്യാറായിരിക്കുമ്പോൾ അവനെ ആശ്വസിപ്പിക്കാൽ നാം തീരെ മന്ദഗതിക്കാരാണ്. ഗോതമ്പിനെ പതിരിൽ നിന്നും വേർപ്പെടുത്താനുള്ള നമ്മുടെ അതീവ താല്പര്യത്തിൽ, പാപിയായ മനുഷ്യനിൽ നിന്നും നാം വളരെ അകലുകയും, അവന്റെ കഷ്ടപ്പാടുകളിൽ നാം പ്രവേശിക്കുകയോ അവന്റെ സങ്കടം നാം അനുഭവിക്കുകയോ ചെയ്യുന്നില്ല. പാപത്തിൽ നഷ്ടപ്പെട്ടിരിക്കുന്ന മനുഷ്യന്റെ അതിക്രമങ്ങൾ നമ്മിൽ വികാരങ്ങൾ ഉണർത്തുന്നില്ലെങ്കിൽ നമുക്ക് അയ്യോ കഷ്ടം,

## "പോയി അങ്ങനെ തന്നെ ചെയ്ക" (വാക്യം 37)

"പാപത്തിന്റെ വയലുകളിൽ നിന്ന് അവരെ ഉള്ളിൽ കൊണ്ടുവരുവിൻ" എന്ന പാട്ട് പാടി ദൈവാലയത്തിൽ കഴിഞ്ഞുകൂടാൻ ക്രിസ്തു ന്യായശാസ്ത്രിയോട് പറഞ്ഞില്ല. അഥവാ, ചിന്തിച്ച് ഈ വിഷയത്തെക്കുറിച്ച് പ്രാർത്ഥിക്കുവാൻ യേശു പറഞ്ഞില്ല. "പോയി" "ചെയ്ക" എന്നീ രണ്ട്

ക്രിയകളിൽ മുഴുവൻ സന്ദേശത്തെയും സംഗ്രഹിച്ചിരിക്കുന്നു. ഇന്നത്തെ സാധാരണ ക്രിസ്ത്യാനി കൂടുതൽ അറിയേണ്ട കാര്യമില്ല, പ്രത്യുതാ അവൻ അധികം പ്രവർത്തിക്കണം. അവന് അധികം പ്രകാശം ആവശ്യമില്ല, മറിച്ച്, അവന് ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ അവൻ നടക്കേണ്ടതുണ്ട്. കൂടുതൽ അനുസരണമാണ് ഈ മണിക്കൂറിലെ ആവശ്യം.

“വിശ്വസിക്കുക”, “അനുസരിക്കുക” എന്നിവ ക്രിസ്തീയ ജീവിതത്തിന്റെ രണ്ട് കാലുകളാണ് നമ്മുടെ വിശ്വാസം നമ്മുടെ അനുസരണത്തിൽ തെളിവാക്കപ്പെടുകയും കൂട്ടായ്മ അതിനെ നിലനിർത്തുകയും ചെയ്യുന്നു. ദൈവവചനത്തെ “ചെയ്യുന്ന” സ്ത്രീ പുരുഷന്മാരിലൂടെ മാത്രമേ ലോക സുവിശേഷീകരണം സാദ്ധ്യമാകൂ. “പോകുവിൻ, ചെയ്യുവിൻ”.

സ്വർഗ്ഗീയ ജീവിതത്തിന്റെ ലൌകീക തെളിവാണ് നല്ല ശമര്യാക്കാരന്റെ കാൽപാടുകളിൽ നടക്കുന്നത്. ‘‘ഇത് ചാകുന്ന ലോകത്തെ സംബന്ധിച്ചിടത്തോളം ദൈവം ജഡമായിത്തീർന്നു എന്നതാണ്”.

“എന്റെ അയൽക്കാരൻ ആരാണ്?’ എന്ന പുസ്തകസംക്ഷിപ്തം – മൂഡി പ്രസ്സ് 1956)

## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**

**STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

# ശിഷ്യത്വത്തിന്റെ പരമ നിബന്ധന

ആർ. സ്റ്റാൻലി




"ആരെങ്കിലും എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ചു നാൾതോറും തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ!" (ലൂക്കൊ. 9:23). യേശുവിന്റെ ഈ വാക്കുകൾ ശിഷ്യത്വത്തിന്റെ പരമമായ നിബന്ധനകൾ വ്യക്തമാക്കുന്നു. നാലു സുവിശേഷങ്ങളിലും ഇതു രേഖപ്പെടുത്തിയിട്ടുണ്ട്. മത്തായി, ലൂക്കൊസ് എന്നീ സുവിശേഷങ്ങളിൽ ഇത് രണ്ടു പ്രാവശ്യം വീതം കാണാം (മത്താ. 10:28:16, 24; മർക്കൊ. 1:34; ലൂക്കൊ. 9:23; 14:27; യോഹ. 12:15). യേശുവിന്റെ മറ്റൊരു പ്രസ്താവനകൾക്കും ഇത്രയും പ്രാധാന്യം നൽകിയിട്ടില്ല.

അനേകർ യേശുവിന്റെ അടുക്കലേയ്ക്ക് വരുന്നു; എന്നാൽ വളരെ ചുരുക്കം പേർ മാത്രമേ അവിടുത്തെ ''അനുഗമിക്കുന്നുള്ളൂ''. രക്ഷിക്കപ്പെടാത്തവരോടുള്ള യേശുവിന്റെ സന്ദേശമായിരുന്നു ''എന്റെ അടുക്കലേയ്ക്ക് വരുവിൻ"; അവിടുത്തോട് ചേർന്നവരോടുള്ള സന്ദേശമാണ് ''എന്റെ പിന്നാലെ വരുവിൻ''. യേശുവിന്റെ അടുക്കലേയ്ക്ക് വരിക എന്നതിനാൽ അർത്ഥമാകുന്നത് പ്രാഥമികമായും തന്മൂലമുള്ള സകല വിശേഷാനുകൂല്യങ്ങളും അനുഭവിക്കുക എന്നതാണ്; എന്നാൽ അവിടുത്തെ അനുഗ്മിക്കുന്നതിലൂടെ മുഖ്യമായ പല പ്രശ്നങ്ങളിലേയ്ക്കും പ്രവേശിക്കുന്നു എന്നതാണ് സത്യം. യേശുവിന്റെ അടുക്കലേയ്ക്ക് വരുമ്പോൾ നാം പാപക്ഷമ സ്വീകരിക്കുന്നു; എന്നാൽ അവിടുത്തെ അനുഗമിക്കുമ്പോൾ നാം നമ്മുടെ, പാപസ്വഭാവമുള്ള സ്വയത്തെ പരിത്യജിക്കണം.

പിന്മാറ്റക്കാരുടെ ശതമാനം ഈ കാലയളവിൽ വർദ്ധിക്കുന്നതിന്റെ കാരണം യേശുവിന്റെ അടുക്കലേയ്ക്ക് വരുവാനുള്ള ആഹ്വാനം ആവർത്തിച്ചു കേൾക്കുന്നതിനാലാണ്. എന്നാൽ അവനെ അനുഗമിക്കാനുള്ള വെല്ലുവിളി ചുരുക്കമാണ്. നിങ്ങളുടെ ക്രിസ്തീയ ജീവിതത്തിൽ തികഞ്ഞ ഒരുവനായി വളരുവാൻ കഴിയാതെ ഇപ്പോഴും ഒരു ശിശുവായി കാണപ്പെടുന്നതെന്നു നിങ്ങൾ അത്ഭുതപ്പെടുന്നുവെങ്കിൽ അതിനുള്ള കാരണം ഈ ധ്യാനത്തിലൂടെ നിങ്ങൾ കണ്ടെത്തും.

യേശുവിന്റെ ശിഷ്യത്വത്തിനായുള്ള നിബന്ധനകൾ നമ്മുടെ ജീവിതത്തിൽ നാം സ്വീകരിക്കേണ്ടതും ഉപേക്ഷിക്കേണ്ടതുമായ ഘടകങ്ങൾ അടങ്ങിയതാണ്. ഉപേക്ഷിക്കുക എന്നുവെച്ചാൽ സ്വയത്തോട് 'ഇല്ല' എന്നു പറയുന്നതും സ്വീകരിക്കുക എന്നുവെച്ചാൽ ക്രൂശിനോട് 'ഉവ്വ്' എന്നു പറയുന്നതുമത്രേ. ഈ രണ്ടു വിധത്തിലുള്ള നിബന്ധനകളെക്കുറിച്ച് അല്പം വിശദമായി നമുക്ക് ഇവിടെ പഠിക്കാം.

**1. സ്വയത്യാഗം**

ക്രിസ്തുവിന്റെ പാഠശാലയിലെ ആദ്യപാഠം സ്വയത്യാഗമാണെന്ന് പ്രസിദ്ധ വേദപുസ്തക നിരൂപകനായ മാത്യു ഹെൻട്രി പറഞ്ഞിരിക്കുന്നു. സ്വയത്തെ തുടർച്ചയായി മരിപ്പിക്കാതെ യഥാർത്ഥ ക്രിസ്തീയ ജീവിതത്തിന് മറ്റൊരു മാർഗ്ഗവുമില്ല. ആരെങ്കിലും യേശുവിനെ അനുഗമിക്കുന്നുവെങ്കിൽ അവൻ സ്വയത്തെ ത്യജിക്കുക തന്നെ വേണം.

**യേശു നമ്മുടെ മാതൃക**

മഹാസന്തോഷത്തിന്റെ സ്ഥാനം തന്നെത്താൻ ത്യജിച്ച് യേശു, ഒരു "വ്യസന മനുഷ്യനായി" (യെശ. 53:3).

സ്വർഗ്ഗീയ കൂട്ടായ്മ തന്നെത്തൽ ത്യജിച്ച് യേശു, "പാപികളുടെ സ്നേഹിതനായി" (മത്താ. 11:19).

പിതാവിനോടൊപ്പമുള്ള തേജസ്സിലെ വാസം തന്നെത്താൻ ത്യജിച്ച് യേശു, "തള്ളിക്കളഞ്ഞ കല്ലുപോലെ" ആയി (1 പത്രോ. 2:7).

സ്വർഗ്ഗത്തിൽ ദൈവത്തോടുള്ള സമത്വത്തെ തന്നെത്താൻ ത്യജിച്ച് യേശു "ദാസരൂപം" എടുത്തു (ഫിലി. 2:7,8).

സ്വർഗ്ഗത്തിൽ സദാ ദൂതന്മാരാൽ ആരാധ്യനായിരുന്ന യേശു ആ അവസ്ഥയെ ത്യജിച്ച് മനുഷ്യരുടെ "പരിഹാസവിഷയമായി" (മത്താ. 27:39–44).

പരിശുദ്ധ ദൈവപുത്രനായ യേശു, പിശാചു ബാധിതനെന്നും ബെയൽസബുലിന്റെ പ്രതിനിധിയെന്നും വിളിക്കപ്പെട്ടു (യോഹ. 7:20; 8:52; ലൂക്കൊ. 11:15).

തന്റെ കിരീടം തന്നെത്താൻ ത്യജിച്ച് യേശു കാൽവരി യാഗപീഠത്തിൽ യാഗമായി (എഫെ. 5:12).

പാപരഹിതനായ യേശു തന്റെ പൂർണ്ണതയെ തന്നെത്താൻ ത്യജിച്ചു നമുക്കുവേണ്ടി "പാപം" ആയിത്തീർന്നു. (യോഹ. 8:46; 2 കൊരി. 5:21).

യേശുവിന്റെ ജീവിതത്തിൽ ഞാൻ ചെയ്തതും ചെയ്യാതിരുന്നതുമായ കാര്യങ്ങളിലും യേശുവിന്റെ സ്വയത്യാഗം പ്രതിഫലിച്ചിരുന്നു. ഈ സംഭവങ്ങൾ നോക്കുക: അവിടുത്തെ ശക്തി. വെളിപ്പെടുത്തുന്നതിനായി സമ്മർദ്ദം ഉണ്ടായ സന്ദർഭങ്ങളിൽ അവിടുന്ന് അത് നിരാകരിച്ചു (മത്താ. 4:3–11). ജീവിതത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ പോലും ത്യജിച്ച് തല ചായ്ക്കാൻ പോലും സ്ഥലമില്ലാത്തവനായി ജീവിച്ചു (മത്താ. 8:20). കാര്യങ്ങൾ ശരിയായി ഗ്രഹിക്കാത്ത ഉപദേഷ്ടാക്കാന്മാർക്കും, നീതിക്കു വിശന്നു ദാഹിക്കുന്നവർക്കും, ഊണും ഉറക്കവും ത്യജിച്ചു ശുശ്രൂഷ ചെയ്തു (യോഹ. 4:5). ദൈവരാജ്യം സംബന്ധിച്ച് ശുശ്രൂഷകൾക്ക് വിഘ്നം വരാതിരിക്കുവാൻ തന്റെ കുടുംബാംഗങ്ങളുടെ വാത്സല്യം പോലും അവിടുന്ന് സ്വീകരിച്ചില്ല (മത്താ. 12:46–50). അവിടുത്തെ കർത്തവ്യത്തെക്കുറിച്ച് അഹങ്കരിക്കാതെ അവിടുത്തെ ശിഷ്യന്മാരുടെ കാലുകൾ കഴുകി (യോഹ. 11:3–5). ദൂതന്മാരുടെ ഒരു സംഘം

അവിടുത്തേയ്ക്ക് വേണ്ടി യുദ്ധം ചെയ്യുവാൻ അയയ്ക്കുന്നതിനായി പിതാവിനോടും പ്രാർത്ഥിക്കുവാൻ അവസരം ഉണ്ടായപ്പോൾ അവിടുന്ന് അത് നിരസിച്ചു (മത്തായി 26:53,54). ന്യായാധിപ സംഘത്തിന്റെ മുമ്പാകെ അവിടുന്ന് കൊല്ലുവാൻ കൊണ്ടു പോകുന്ന കുഞ്ഞാടിനെ പോലെ വായ് തുറക്കാതിരുന്നു (മർക്കൊ. 15:3–5, യെശ. 53:7,8). അവിടുത്തെ ശകാരിച്ചിട്ട് പകരം ശകാരിക്കാതെ അവിടുന്ന് മൗനമായിരുന്നു (1 പത്രൊ.2:23). അവിടുത്തെ നോക്കി സഹതാപത്തോടെ വിലപിച്ചവരോട്, അവരെയും അവരുടെ മക്കളെയും ഓർത്ത് വിലപ്പിക്കുവാൻ പറഞ്ഞു (ലൂക്കൊ. 23:27,28). അവിടുന്ന് ക്രൂശിൽ വേദന കൊണ്ട് പിടയുമ്പോൾ വേദനസംഹാരപാനീയം കുടിക്കുവാൻ വിസമ്മതിച്ചു (സങ്കീ 69:2,21; മത്താ 27:4).

## കത്തി ജ്വലിക്കുക

പരമോന്നതമായ യാഗമാണ് സ്വയത്യാഗം. സ്വയതൃപ്തി നൽകുന്ന ജഡത്തിന്റെ ആഗ്രഹങ്ങളോടും, സ്വയ ഉയർച്ച നൽകുന്ന ലോകത്തിന്റെ വാഗ്ദാനങ്ങളോടും സ്വയത്തിന് പോഷണം നൽകുന്ന പരീക്ഷകളോടും “ഇല്ല” എന്നു പറയുന്നതാണ് സ്വയത്യാഗം (1 യോഹ. 2:15,16). നമ്മിൽ അനേകരും സ്വയ സ്നേഹികളാണ്. അത് മനുഷ്യന്റെ അവിഭാജ്യഘടകവും സ്വാഭാവിക ലക്ഷണവുമാണ്. എന്നാൽ സ്വയ ത്യാഗത്തിനായി നമ്മെ തന്നെ പരിശീലിപ്പിക്കണം. സ്വയത്യാഗത്തിന്റെ ഓരോ പടിയും ക്രിസ്തീയ ജീവിതത്തെ പുരോഗമിപ്പിക്കുന്നു. ഒരുവൻ സ്വയത്തെ താഴ്ത്തുന്നിടത്തോളം ദൈവത്തോട് ഉയർന്നടുക്കുന്നു. ജ്വലിക്കാതെ എങ്ങനെ പ്രകാശിക്കുവാൻ കഴിയും? സ്നാപകയോഹന്നാൻ “ജ്വലിക്കുകയും പ്രകാശിക്കുകയും ചെയ്ത വിളക്ക്” ആയിരുന്നു (യോഹ. 5:35). അദ്ദേഹത്തിന്റെ തത്വശാസ്ത്രത്തിന്റെ രഹസ്യമാണ്: “ഞാനോ കുറയേണം അവിടുന്ന് വളരേണം” (യോഹ. 3:30). ഹഡ്സൺ ടെയ്ലർ ചൈനയിൽ ദൈവത്തിനായി എരിഞ്ഞടങ്ങിയ ഒരു മിഷണറിയായിരുന്നു. അദ്ദേഹം ക്രിസ്ത്യാനികളെ വെല്ലുവിളിക്കുന്നു: “കത്തിജ്വലിക്കുവാനായി ചില തിരികളെ ദൈവം നോക്കുന്നു, എണ്ണയും അഗ്നിയും സൌജന്യമാണ്”.

മറ്റൊരു ഉദാഹരണമാണ് പൌലോസ്. അദ്ദേഹത്തിന്റെ മുദ്രാവാക്യമായിരുന്നു, “ഞാനല്ല ക്രിസ്തുവത്രേ” അദ്ദേഹം സ്വയത്യാഗത്തിന്റെ അനുഗ്രഹങ്ങൾക്ക് സാക്ഷിയാണ്: ‘‘ഞങ്ങൾ മരിക്കുന്നവർ എങ്കിലും ജീവിക്കുന്നവർ, ശിക്ഷിക്കപ്പെടുന്നവരെന്നിട്ടും കൊല്ലപ്പെടാത്തവർ; ദുഃഖിക്കുന്നവർ എങ്കിലും എപ്പോഴും സന്തോഷിക്കുന്നവർ; ദരിദ്രരെങ്കിലും പലരെയും സമ്പന്നരാക്കുന്നവർ; ഒന്നും ഇല്ലാത്തവർ എങ്കിലും എല്ലാം കൈവശമുള്ളവർ” (2കൊരി. 6:9,10).

## സ്വയത്യാഗം ചെലവേറിയത്

സ്വയത്യാഗം വിലകുറഞ്ഞതല്ല. എത്രമാത്രം ചെലവാകും എന്നതിനെക്കുറിച്ച് കണക്കാക്കുവാൻ യേശു തന്റെ അനുയായികളെ വെല്ലുവിളിച്ചിരുന്നു. ഗോപുരം പണിയുന്നവനെക്കുറിച്ചും ശത്രുവിനെതിരെ യുദ്ധം ചെയ്യുവാൻ ഒരുങ്ങുന്ന രാജാവിനെക്കുറിച്ചും ഉള്ള ഉപമകൾ യേശു അതിനുവേണ്ടി പ്രസ്താവിച്ചു. ഗോപുരം പണിയുന്നവൻ തീർക്കാൻ പണം ഉണ്ടോ എന്നും യുദ്ധത്തിനു ഒരുങ്ങുന്നവൻ എതിർക്കുവാൻ മതിയായ സൈന്യം ഉണ്ടോ എന്നും കണക്കു നോക്കണം. അതുപോലെ അവിടുത്തെ ശിഷ്യനായിരിക്കുന്നവനും തീരുമാനിക്കുന്നവനും ആഴമായി ചിന്തിക്കണമെന്നു യേശു ആവശ്യപ്പെടുന്നു (ലൂക്കൊ. 14:27–33). അവിടുത്തെ അനുഗമിച്ച പുരുഷാരം അപ്പത്തിനും മീനിനുമായി തന്നെ അനുഗമിക്കരുതെന്ന് യേശു നിഷ്കർഷിച്ചു. അനുഗ്രഹങ്ങൾക്കും അത്ഭുതങ്ങൾക്കും മാത്രമായി യേശുവിനെ അനുഗമിച്ചവർക്ക് കടുത്ത നിരാശ അനുഭവിക്കേണ്ടി വന്നു (യോഹ. 6:26,27).

## അവകാശങ്ങളും ആനുകൂല്യങ്ങളും

അവിടുത്തെ ശിഷ്യന്മാർ യേശുവിനെ അനുഗമിക്കുമ്പോൾ ന്യായമായ ചില അവകാശങ്ങളും ആനുകൂല്യങ്ങളും അവരുടെ ജീവിതത്തിൽ നിന്നും ത്യജിക്കണമെന്നു യേശു ആഗ്രഹിക്കുന്നു. തന്റെ ജീവനെ സ്നേഹിക്കുന്നവൻ

അതിനെ കളയും; തന്റെ ജീവനെ നഷ്ടപ്പെടുത്തുന്നവൻ ഈ ലോകത്തിൽ നിത്യജീവനെ കണ്ടെതും (യോഹ. 12:25). അന്ത്യകാലത്ത് ഈ ഉപദേശവും പ്രായോഗിക ജീവിതവും എത്രത്തോളം പ്രസക്തിയില്ലാതിരിക്കും എന്നു മുൻകൂട്ടി പറഞ്ഞിട്ടുണ്ട്. ദുർഘടസമയങ്ങളെക്കുറിച്ച് അദ്ദേഹം പ്രതിപാദിക്കുമ്പോൾ ആദ്യം പറഞ്ഞിരിക്കുന്നത് എന്താണെന്ന് ശ്രദ്ധിക്കുക: മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും..... (2 തിമൊ. 3:1,2). നമുക്കുള്ളതെല്ലാം നമുക്കുതന്നെ നമുക്കു വേണ്ടി ചെലവഴിക്കുവാനുള്ളതല്ല. “ഒരുവൻ തനിക്കുള്ളതെല്ലാം ഉപേക്ഷിക്കുന്നില്ല എങ്കിൽ അവന് എന്റെ ശിഷ്യനായിരിക്കാൻ കഴിയുന്നതല്ല” (ലൂക്കൊ. 14:33). ഇവിടെയാണ് നമ്മുടെ പ്രശ്നം. യേശു അസാദ്ധ്യമെന്ന് പറഞ്ഞത് നാം സാദ്ധ്യമാക്കിയിരിക്കുന്നു. “നിങ്ങൾക്ക് ദൈവത്തെയും ധനത്തെയും സേവിക്കാൻ കഴിയുന്നതല്ല” (ലൂക്കൊ. 16:13). പ്രകൃതി ക്ഷോഭങ്ങൾ നമ്മെ അടിച്ചു. യുദ്ധങ്ങൾ നമ്മെ പിരിമുറുക്കി നമ്മുടെ സമ്പത്തിനോടുള്ള ആസക്തിയിൽ നിന്നും വിടുവിക്കുന്നതു വരെ കാത്തിരിക്കുന്നത് എത്ര ഭോഷത്വം. യേശു സ്വമേധയാ ദരിദ്രനായി.

## സ്വയത്യാഗം പ്രയാസമുള്ളത്

ഇതെല്ലാം നാം ചിന്തിച്ചുവെങ്കിലും സ്വയത്യാഗം അത്ര ലളിതമായതല്ല. ഞാൻ ഇതുവരെ കണ്ടുമുട്ടിയുട്ടുള്ളതിൽ ഏറ്റവും കൂടുതൽ എന്നെ ശല്യപ്പെടുത്തുന്ന വ്യക്തി ഡി. എൽ. മുഡിയാണ് എന്ന് ഡി. എൽ. മൂഡിതന്നെക്കുറിച്ചു തന്നെ പറഞ്ഞിട്ടുണ്ട്. നിഷ്കളങ്കമായ നേതൃത്വം ലോകത്തിന് കാഴ്ചവച്ച് അനേകരെ വാർത്തെടുക്കുവാൻ ഈ ഉപദേശത്തിനു കഴിഞ്ഞു എന്നതിനു വളരെ വ്യക്തമായ തെളിവുകൾ ഉണ്ട്. “ത്യാഗം” എന്ന വാക്കിനെ മാറ്റി നിറുത്തിയാൽ സഭയുടെ ചരിത്രം മാത്രമല്ല ലോക ചരിത്രത്തിന്റെ പേജുകൾ ശൂന്യമായി കിടക്കും എന്നതിനു രണ്ടുപക്ഷമില്ല, കാരണം, സ്വയത്യാഗമാണ് മഹാന്മാരുടെ ജീവിത വിജയത്തിന് രഹസ്യം,

ജീവിതത്തിന്റെ ഏതെല്ലാം മേഖലകളിലാണ് നിങ്ങൾ സ്വയത്യാഗം

അനുഷ്ഠിക്കുന്നതെന്നു പറയുവാൻ സാധിക്കുമോ? നിങ്ങൾക്ക് അതിനു കഴിഞ്ഞിട്ടില്ലെങ്കിൽ ഈ വർഷത്തിൽ എന്തുകൊണ്ടു അതിനായി യത്നിച്ചുകൂടാ?

## 2. ക്രൂശു വഹിക്കൽ

സ്വയത്തെ ത്യജിക്കുന്നവൻ ക്രൂശു എടുക്കേണ്ടതാണ്. അതേസമയം സ്വയത്യാഗത്തെ തുടർന്ന് ക്രൂശുവഹിക്കേണ്ടതില്ലാ യിരുന്നുവെങ്കിൽ ക്രിസ്തീയ ജീവിതത്തിനും ശിഷ്യത്വത്തിനും അർത്ഥമില്ലായിരുന്നു. മഹത്തായ ത്യാഗോജ്വല ജീവിതം കാഴ്ച വെച്ച് അനേകം സ്ത്രീ പുരുഷന്മാൻ ഒരിക്കലും ക്രൂശ് എടുത്തിരുന്നില്ല. ലോകം അവരെ ബഹുമാനിച്ചു എന്നാൽ നിത്യതയുടെ വെളിച്ചത്തിൽ അത് അവർക്ക് ഒരു ലാഭവും ഉണ്ടാക്കിയിരുന്നില്ല. ശിഷ്യത്വത്തിനുള്ള വ്യവസ്ഥ പറയുന്നതിന് തൊട്ടു മുൻപ് യേശു ചോദിച്ച വാക്കുകൾ ശ്രദ്ധിക്കുക: “ഒരു മനുഷ്യൻ സർവ്വലോകവും നേടി തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവനു എന്തു പ്രയോജനം? ഒരു മനുഷ്യൻ തന്റെ ജീവനു മറുവിലയായി എന്തു കൊടുക്കും? (മർക്കൊ. 8:36,37).

## ക്രൂശിനു പ്രസിദ്ധിയില്ല

ക്രൂരതയും ദണ്ഡനവും നിറഞ്ഞ ഒരു വധശിക്ഷയ്ക്കുള്ള ഉപകരണമാണ് ക്രൂശ്. നിന്ദയുടെയും കഷ്ടതയുടെയും ചിഹ്നമാണ് ക്രൂശ്, ശാപത്തിന്റെയും ശിക്ഷാവിധിയുടെയും ചിത്രമാണ് നാം ക്രൂശിൽ കാണുന്നത്. അവജ്ഞയും നിന്ദയും പ്രതിബിംബിക്കുന്ന ഒരു വസ്തുവാണ് ക്രൂശ്. ആരാണ് അത് ഇഷ്ടപ്പെടുന്നത്, ആരാണ് അത് ഏകനായി എടുക്കുന്നത്? ദൈവത്തിന്റെ വീണ്ടെടുപ്പു പദ്ധതിയിൽ ക്രൂശിനെ കാണുവാൻ പത്രോസിന് കഴിയാത്തതിൽ അത്ഭുതപ്പെടാനില്ല. യേശുവിനെക്കുറിച്ചുള്ള അസാധാരണമായ സ്വർഗ്ഗീയ വെളിപ്പാട് പത്രോസിനു ലഭിച്ചതിനെക്കുറിച്ച് യേശു പുകഴ്ത്തി പറഞ്ഞ സമയമായിരുന്നു അത്. എന്നാൽ ക്രൂശ് എന്ന് കേട്ട മാത്രയിൽ അവൻ ഭ്രാന്തനെപ്പോലെയായി. അവൻ യേശുവിനെ “ശാസിക്കുവാൻ” തുടങ്ങി. യേശു

വളരെ കഠിനമായി പത്രോസിനെ തിരിച്ചു ശാസിച്ചു. കാരണം ക്രൂശില്ലാത്ത രക്ഷ സാത്താന്റേതാണെന്നു അവിടുത്തേക്ക് അറിയാമായിരുന്നു. ഈ സംഭവത്തെ തുടർന്നാണ് യേശു ശിഷ്യത്വത്തിന്റെ നിബന്ധന വിധിച്ചത് (മത്തായി 16:13-24). ക്രൂശിനെക്കുറിച്ചുള്ള ഉപദേശം മൌലിക മതവാദികളുടെയിടയിൽ ഒരിക്കലും പ്രസിദ്ധമായിരുന്നില്ല (1 കൊരി. 1:18-23). നാം വളരെ അപൂർവ്വമായി മാത്രം ക്രൂശിനെക്കുറിച്ച് പ്രസംഗവേദികളിൽ പറയാറുണ്ട്. എന്നാൽ ക്രൂശ് വഹിക്കലിനെക്കുറിച്ച് ശരിയായ ധാരണ ഭൂരിപക്ഷം ക്രിസ്ത്യാനികൾക്കും ഉണ്ടായിട്ടില്ല എന്നു ഞാൻ പൂർണ്ണമായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

## രക്തസാക്ഷിത്വവും പരിഹാസവും

"കൂശ് വഹിക്കുക" എന്ന പദ്ധതിയിൽ ചെയ്യേണ്ടതു ക്രൂശീകരണ സ്ഥലത്തേയ്ക്ക് ക്രൂശ് എടുത്തുകൊണ്ട് നടന്നുപോവുകയാണ്. സാധാരണയായി പരിഹസിക്കുന്ന ഒരു ജനക്കൂട്ടത്തിനിടയിലൂടെയാണ് പോകേണ്ടത്. നാം യേശുവിനെ അനുഗമിക്കുവാൻ ആഗ്രഹിച്ചാൽ, ഇതുപോലെയുള്ള പരിഹാസങ്ങൾ നമ്മുടെ ജീവിതയാത്രയുടെ അന്ത്യംവരെ, ചിലപ്പോൾ രക്തസാക്ഷിയായി മരിക്കുന്നതുവരെ അനുഭവിക്കുവാൻ നാം തയ്യാറാകണം. വിശ്വാസികൾ വിശ്വാസത്തിലേയ്ക്ക് കടന്നു വരുന്ന നിമിഷം മുതൽ ദൈവ രാജ്യത്തിന് വേണ്ടി ത്യാഗം വരിച്ച് ജീവിതത്തെ മുൻകൂട്ടി കാണണം.

യേശു യെരുശലേം നഗരത്തിനു പുറത്താണ് ക്രൂശീകരിക്കപ്പെട്ടത്. എബ്രായലേഖന കർത്താവ് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു; "ആകയാൽ നാം അവൻ നിന്ദചുമന്നുകൊണ്ടു പാളയത്തിനു പുറത്തു അവന്റെ അടുക്കൽ ചെല്ലുക" (എബ്രാ. 13:12,13). ഈ വചനം വായിക്കുന്ന ഓരോ യഹൂദ ക്രിസ്ത്യാനിയും അർത്ഥമാക്കേണ്ടത് ഇപ്രകാരമാണ്: "യഹൂദ സമൂഹത്തിൽ നിന്നും പുറത്താക്കപ്പെടുവാനും ഞങ്ങൾ സന്നദ്ധരാണ്" അക്രൈസ്തവ പാരമ്പര്യത്തിൽ നിന്നും ക്രിസ്തീയ വിശ്വാസത്തിലേയ്ക്ക് കടന്നു വരുന്നവർക്കും ഇതേ അനുഭവം തന്നെ ഇന്നും തുടരുന്നു.

നമ്മുടെ ചിന്താഗതിയിൽ സ്വയത്യാഗത്തെക്കുറിച്ച് യേശു പ്രസ്താവിച്ചതിനെ തുടർന്നുതന്നെ, ലജ്ജിക്കാതെ യേശുവിനെ സാക്ഷിക്കുന്നതിനെക്കുറിച്ചും അവിടുന്നു സൂചിപ്പിച്ചതു ശ്രദ്ധിക്കേണ്ടതാണ്. “ആരെങ്കിലും എന്നെയും എന്റെ വചനങ്ങളെയും കുറിച്ച് നാണിച്ചാൽ അവനെക്കുറിച്ച് മനുഷ്യപുത്രൻ തന്റെയും പിതാവിന്റെയും വിശുദ്ധദൂതന്മാരുടെയും മഹത്വത്തിൽ വരുമ്പോൾ നാണിക്കും” (ലൂക്കൊ. 9:26). നമ്മുടെ തലമുറ “വ്യഭിചാരവും പാപവും ഉള്ള തലമുറ” (മർക്കൊ. 8:38). യേശുവിനെ സാക്ഷിക്കുന്ന ജീവിതം ചെയ്തു പുലർത്തുവാൻ അകത്തും പുറത്തും നിന്നുള്ള ശക്തികൾക്കെതിരായി നമുക്ക് പ്രവർത്തിക്കണം. ലളിതമായ ക്രൂശ് എന്നു പറയുവാൻ മറ്റൊന്നില്ല. ഒരു കാരണവും കൂടാതെ യേശു ക്രിസ്തുവിന്റെ കാരണത്താൽ ലോകം നമ്മെ വെറുക്കും. (യോഹ. 15:18–25). പീഢനങ്ങൾ ഒഴിവാക്കുന്നതു മൂലം നാം ഒരു പക്ഷേ നമ്മുടെ ശരീരത്തെ രക്ഷിച്ചുവെന്നു വരാം. പക്ഷെ നിത്യമായ പ്രതിഫലം നഷ്ടപ്പെടും (ലൂക്കൊ. 9:14). ദൈവദാസനായ ലെനാർഡ് റാവെൻഹിൽ ഇത് മറ്റൊരു വിധത്തിൽ പറഞ്ഞു ‘നമ്മുടെ ജീവൻ രക്ഷിക്കുന്നതുമൂലം നാം നിത്യജീവനെ നഷ്ടപ്പെടുത്തുക മാത്രമല്ല, മറ്റനേകരുടെ നിത്യജീവൻ കൂടെ നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്!”.

## സമാധാനമോ വാളോ

ക്രൂശ് എന്ന വാക്ക് പുതിയ നിയമത്തിൽ ആദ്യമായി ഉപയോഗിച്ചിരിക്കുന്നത് മത്തായി 10:38 ൽ ആണ്. ക്രിസ്തുവിനെ സാക്ഷിക്കുവാൻ തങ്ങളുടെ വളരെ അടുത്ത കുടുംബാംഗങ്ങളുടെ ആഗ്രഹത്തിന് വിപരീതമായി പോലും പോകേണ്ടതിനെക്കുറിച്ചാണ് അവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. 16 മുതൽ 39 വരെയുള്ള തിരുവചനങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക വലിയ മിഷണറിമാരായി വന്നവർ തങ്ങളുടെ ദൌത്യം ഏറ്റെടുക്കാതെ, അവരുടെ കുടുംബങ്ങളെ പ്രസാദിപ്പിച്ചിരുന്നെങ്കിൽ ലോകത്തിന് അവരെ ലഭിക്കുകയില്ലായിരുന്നു. ഒരു വ്യക്തി പൂർണ്ണസമയ

പ്രവർത്തനത്തിനായി ദൈവത്തിന്റെ തോട്ടത്തിൽ ഇറങ്ങിയില്ലെങ്കിൽ തന്നെയും അനേക മാതാപിതാക്കന്മാർ ഇന്ന് തങ്ങളുടെ ആൺമക്കളും പെൺമക്കളും ഏതെങ്കിലും വിധത്തിൽ നഷ്ടപ്പെട്ടു പോകുന്ന അനേകരെ യേശുവിനായി നേടുന്നതിൽ സന്തോഷിക്കയില്ല. സുവിശേഷീകരണ പ്രവർത്തനത്തിൽ ഇറങ്ങുന്നതു കണ്ടു ക്രിസ്തുവിന്റെ "വാൾ" കൊണ്ടുള്ള വേദനജനകമായ ശസ്ത്രക്രിയ ഒഴിച്ചുകൂടാൻ പാടില്ലാ അതു തന്നെ (വചനം-34).

അവിടുത്തെ പരമമായ നിയോഗത്തിന്റെ നിവർത്തീകരണത്തിനായി നമ്മുടെ ദൈവസ്നേഹം മറ്റെല്ലാ സ്നേഹത്തെക്കാളും ഉപരിയായിരിക്കണം (ലൂക്കൊ.14:26 മത്തായി 10:37), റാൽഫ് മാർട്ടിൻ പറഞ്ഞിട്ടുണ്ട്: ''സുവിശേഷത്തോടുള്ള നമ്മുടെ സ്നേഹത്തിന്റെ അടയാളം സുവിശേഷത്തിന്റെ വ്യാപ്തിക്കായി ത്യാഗത്തോടെ സഹായിക്കാനുള്ള നമ്മുടെ ഒരുക്കത്തിന്റെ അളവാണ്.

## അപമാനവും വേദനയും

ആരെങ്കിലും യേശുവിനെ അനുഗമിക്കുവാൻ ഇച്ഛിച്ചാൽ "തന്റെ" ക്രൂശ് എടുക്കട്ടെ. ദൈവം ഒരോരുത്തർക്കും അവരവരുടേതായ സാഹചര്യങ്ങളും പ്രയാസങ്ങളും രൂപകല്പന ചെയ്തിരിക്കുന്നു. അതിൽ നിന്നും രക്ഷപ്പെടുവാൻ നാം ശ്രമിക്കരുത് "ബാല്യത്തിൽ നുകം ചുമക്കേണ്ടതു ഒരു പുരുഷനും നല്ലതു, ദൈവം അതു അവന്റെ മേൽ വച്ചിരിക്ക കൊണ്ടു അവൻ തനിച്ചു മൌനമായിരിക്കട്ടെ. അവൻ ദുഃഖിപ്പിച്ചാലും തന്റെ മഹാദയയ്ക്ക് ഒത്തവണ്ണ് അവന് കരുണ തോന്നും'' (വിലാപ. 3:27-33). ഒരു പക്ഷെ നമ്മെ വിനയപ്പെടുത്തുവാനുള്ള പരീക്ഷയായിരിക്കും ക്രൂശ്, പഴയസ്വഭാവത്തെ, വേദനപ്പെടുത്തുന്ന ലജ്ജ തോന്നിപ്പിക്കുന്ന, വെറുപ്പുളവാക്കുന്ന, ഒരു പ്രക്രിയയായിരിക്കാം. അത് നമ്മുടെ ഹൃദയത്തിന്റെ അഹങ്കാരത്തെ കീഴടക്കുന്നു.

ശിക്ഷയുടെ പ്രതീകമാണ് ക്രൂശ്. "നിങ്ങൾ ബാലശിക്ഷ സഹിച്ചാൽ ദൈവം മക്കളോട് എന്നപോലെ നിങ്ങളോടും പെരുമാറുന്നു". (എബ്രാ. 12:2,7). ബലഹീനതയിൽ അവിടുന്ന് ദൈവത്തിന്റെ ശക്തി അനുഭവിക്കുന്നു. ബലഹീനതയാൽ അവിടുന്ന് ക്രൂശിക്കപ്പെട്ടിട്ടും ദൈവ ശക്തിയാൽ ജീവിക്കുന്നു. ഞങ്ങളും അങ്ങയിൽ ബലഹീനർ എങ്കിലും അവിടത്തോടുകൂടെ ദൈവശക്തിയാൽ നിങ്ങൾക്കു വേണ്ടി ജീവിക്കുന്നു' (2 കൊരി. 13:4).

## ˝നാൾതോറും ക്രൂശ് എടുക്കുക

ഒരു ക്രിസ്ത്യാനിക്ക് വല്ലപ്പോഴുമുള്ള അനുഭവമല്ല ക്രൂശ് എടുക്കുകയെന്നത്; പ്രത്യുത അത് ജീവിത രീതിയാണ്. "നാൾതോറും" തന്റെ ക്രൂശ് അവൻ എടുക്കട്ടെ നാൾതോറുമുള്ള ചുമതലകളിലും കടമകളിലും അവർ പ്രയാസങ്ങളെ അഭിമുഖികരിക്കേണ്ടതാണ്. പാപത്തോടുള്ള ശത്രുത ദൈനംദിന ജീവിതത്തിന്റെ ഭാഗമാണ്. ക്ഷോഭിക്കാവുന്ന സാഹചര്യങ്ങൾ എപ്പോഴും ഉണ്ടായെന്നു വരാം. എന്നാൽ ഒരിക്കലും അവൻ മനസ്സിൽ ആകുലനാകുവാനോ, നിരാശപ്പെടുവാനോ പാടില്ല. അവൻ ക്ഷീണിച്ചു മടുക്കാതെ പാപത്തോട് ത്യാഗത്തോളം പോരാടണം (എബ്രാ. 12:3–4).

## കുരിശും കിരീടവും

ക്രൂശ് ക്രിസ്തീയ ജീവിതത്തിന്റെ അവസാനമല്ല. അവൻ തന്റെ ജീവിതം പരിശുദ്ധിയോടെ അവസാനിപ്പിക്കുമ്പോൾ ബഹുമാനത്തിന്റെയും മഹത്വത്തിന്റെയും കിരീടം അണിയിക്കും. അവിടുത്തെ അനുഗമിച്ചുകൊണ്ട് ഒരേ പാതയിൽ നമുക്ക് പാടിക്കൊണ്ട് മുന്നേറാം.

ക്രൂശുംവഹിച്ചാ കുന്നിൻമീതെ പോകുവതാരോ
കേശം സഹിച്ചോതിയെപ്പോലെ ചാകുവതാരോ
എൻ ആധിയകറ്റാൻ തനിയെ ക്രൂശെടുത്ത ദേവസുതാ
പിന്നാലെ ഞാനെൻ ക്രൂശുമെടുത്തു വരുന്നിതാ കൃപതാ

# തുറന്ന ഉത്തരങ്ങൾ

**ഒരു വിശ്വാസി ഭൂത ബാധിതനാകുവാൻ സാദ്ധ്യതയുണ്ടോ?**

ദൈവത്തിന്റെ വ്യക്തമായ വാഗ്ദത്തങ്ങൾ, ഒരു ദൈവ പൈതൽ ഭൂതബാധിതനാകുന്നത് ചിന്തിക്കുവാൻ പോലും സാദ്ധ്യമാകാത്തത് എന്നു വെളിപ്പെടുത്തുന്നു.

“ആഭിചാരം യാക്കോബിനു പറ്റുകയില്ല; ലക്ഷണവിദ്യ യിസ്രായേലിനോട് ഫലിക്കയുമില്ല” (സംഖ്യ. 23:23).

“ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു. ഒന്നും നിങ്ങൾക്ക് ഒരിക്കലും ദോഷം വരുത്തുകയും ഇല്ല” (ലൂക്കൊ. 10:19).

“എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു.......... അവയെ തന്നിരിക്കുന്ന എന്റെ പിതാവ് എല്ലാവരിലും വലിയവൻ പിതാവിന്റെ കയ്യിൽ നിന്നു പിടിച്ചു പറിക്കാൻ ആർക്കും കഴികയില്ല” (1 യോഹ. 10:27–29).

‘നിങ്ങളിലുള്ളവൻ ലോകത്തിൽ ഉള്ളവനെക്കാൾ വലിയവനല്ലോ’ (1 യോഹ. 4:4).

ഒരു വിശ്വാസി, പിശാചിനാൽ കഷ്ടപ്പെടുകയോ,അവന്റെ ജീവിതത്തിന്റെ ചില മേഖലകളിൽ പിശാചിന്റെ നിയന്ത്രണം ഉണ്ടാകുകയോ ചെയ്യാം. എന്നാൽ ഒരു അവിശ്വാസിയുടെമേൽ ഉടമസ്ഥാവകാശം ഉള്ളതുപോലെ, വിശ്വാസിയുടെ മേൽ അവകാശം സ്ഥാപിക്കുകയില്ല. നാം പിശാചിനാൽ വഞ്ചിതരാകാം, പീഡിപ്പിക്കപ്പെടാം, സ്വന്തം ഇച്ഛാശക്തിക്കെതിരായി മനസ്സിനെ നിരന്തരം ശല്യപ്പെടുത്താം, എന്നാൽ ഒരിക്കലും അവൻ അധീനതയിൽ ആകുകയില്ല. (മത്ത. 24:24, 1 പത്രോ. 5:8,9). ആത്മാവിനെ അനുസരിച്ച് നടക്കുന്നതിൽ നാം പരാജയപ്പെടുമ്പോൾ സാത്താൻ നമ്മുടെ ചിന്തകളെയും, വികാരങ്ങളെയും ചലനങ്ങളെയും സ്വാധീനിച്ചെന്നു വരാം. ഒരിക്കൽ പത്രോസ് പിശാചിനാൽ സ്വാധീനിക്കപ്പെട്ടു (മത്ത. 16:23) ആദിമ സഭയിലെ അനന്യാസും സഫീറയും മറ്റൊരു ഉദാഹരണമാണ് (അ. പ്ര. 5:3,9). എന്നാൽ ഇവയൊന്നും സാത്താന്റെ അധീനതയല്ല കാണിക്കുന്നത്.

നമ്മുടെ ശരീരം പരിശുദ്ധാത്മാവിന്റെ മന്ദിരമാണ്. പരിശുദ്ധാത്മാവിനും അശുദ്ധാത്മാവിനും ഒരുമിച്ചു വസിക്കുവാൻ സാദ്ധ്യമല്ല (2 കൊരി. 6:15,16). പരിശുദ്ധാത്മാവിനെ ദുഖിപ്പിക്കുവാനും, അവിടുത്തെ പ്രവർത്തനത്തെ തടയുവാനും, നിർവീര്യരാക്കുവാനും സാധിക്കും. എന്നാൽ നാം പാപം ചെയ്തുപോയാൽ ഉടൻ തന്നെ

അവിടുന്ന് നമ്മെ വിട്ടു പോകുന്നില്ല. പഴയ നിയമത്തിൽ പോലും പാപം ചെയ്ത ദാവീദ് പരിശുദ്ധാത്മാവിനെ തിരികെ തരണമെന്ന് പ്രാർത്ഥിച്ചില്ല. അതിനുപകരം പരിശുദ്ധാവിനെ എന്നിൽ നിന്നും എടുക്കരുതേ എന്നാണ് അവൻ പ്രാർത്ഥിച്ചത് (സങ്കീ. 51:11). യേശു ആലയത്തെക്കുറിച്ച് എരിവുള്ളവനായിരുന്നു (മത്താ. 21:12, 13). അതുപോലെ നമ്മുടെ ശരീരത്തെക്കുറിച്ച് പരിശുദ്ധാത്മാവിന് ഉടമസ്ഥാവകാശമുണ്ട്. യേശുവിന്റെ വിലയേറിയ രക്തത്താൽ വിലയ്ക്ക് വാങ്ങപ്പെട്ട ഒരുവനെ ദൈവത്തിന്റെ പ്രധാന ശത്രുവിന് ഏല്പിച്ചിട്ട് ആ ശരീരത്തെ ഉപേക്ഷിച്ച് ഒരിക്കലും പോകുകയില്ല. (1 പത്രോ. 1:18,19; എഫെ. 4:30).

ഈ കാലത്തിൽ ഒരു വാടകക്കാരനെപ്പോലും ഒഴിപ്പിക്കുവാൻ വളരെ പ്രയാസമല്ല! ശക്തിയെ ഒഴിപ്പിക്കുവാൻ അതിനെക്കാൾ കുറഞ്ഞ ശക്തിക്ക് കഴിയുമോ? ശത്രു പെരുവെള്ളം പോലെ ഇരച്ചു വരുമ്പോൾ, ദൈവത്തിന്റെ ആത്മാവ് അവനെതിരായി നില്ക്കും (യെശ. 59:19).

എഫെസ്യർ 6:10–18 വരെയുള്ള ഭാഗങ്ങൾ വിശ്വാസികൾ എല്ലായ്പ്പോഴും ശത്രുവിന്റെ പോരാട്ടത്തിനെതിരായി ജാഗ്രതയുള്ളവരായിരിക്കേണ്ടതിന്റെ ആവശ്യകതയെ ഊന്നി പറയുന്നു. ആത്മാവിന്റെയും തിരുവെഴുത്തുകളുടെയും പൂർണ്ണ നിറവ് പൈശാചിക ബന്ധനത്തിൽ നിന്നുമുള്ള സുരക്ഷിതത്വം ഉറപ്പാക്കുന്നു. വിശ്വാസികൾ പിന്മാറ്റത്തിലാകുമ്പോൾ, കൂട്ടായ്മ അഗണ്യമാക്കുമ്പോൾ, പാപജീവിതത്തിൽ മുഴുകുമ്പോൾ, മന്ത്രവാദം തുടങ്ങിയ സേവകരുമായി ബന്ധപ്പെടുമ്പോൾ, പരിശുദ്ധാത്മാവിന്റെയും തിരുവെഴുത്തിന്റെയും ആവർത്തിച്ചാവർത്തിച്ചുള്ള മുന്നറിയിപ്പുകൾക്ക് ചെവി അടച്ചുകളയുമ്പോൾ, അവർ മനഃപ്പൂർവ്വം വലിയ അപകടത്തിലേക്ക് പോകുന്നു.

ഈ ദിവസങ്ങളിൽ ചില വിശ്വാസികൾ പിശാചു ബാധിതരായ സംഭവങ്ങൾ ഗ്രഹിച്ചിട്ടുണ്ട്. അനേകം ഘടകങ്ങൾ ഇതുമായി ബന്ധപ്പെട്ടിരിക്കുന്നുവെങ്കിലും വളരെ ലഘുവായ വിശദീകരണത്തിലൂടെ വ്യക്തമാക്കുവാൻ കഴിയും. അതായത് പുതിയ ഉടമ്പടി പ്രകാരമുള്ള തിരുവെഴുത്തുകളിൽ ഇതിനെ വ്യക്തമാക്കുന്ന ഉദാഹരണങ്ങളുടെ അഭാവത്തിൽ ഇപ്രകാരമുള്ള ചില അത്യപൂർവ്വസംഭവങ്ങളെ സ്ഥിരീകരിക്കുവാൻ നമുക്ക് സാധ്യമല്ല.

ഒരു ദൈവപൈതൽ പൈശാചിക ബന്ധനത്തിലാകുമോ?

ഇല്ല, എന്നാൽ ഉണർന്നിരിപ്പിൻ!

**"എനിക്കു കരുണ തോന്നേണം എന്നുള്ളവനോടു കരുണ തോന്നുകയും എനിക്കു കനിവു തോന്നേണം എന്നുള്ളവനോടു കനിവു തോന്നുകയും ചെയ്യും" എന്നു അവൻ.... അരുളിചെയ്യുന്നു (റോമ. 9:18).**

ഈ വചനം പോലെതന്നെ ആരോട് കരുണ തോന്നേണമോ അവരോട് കരുണ കാണിക്കും. ആരോട് കനിവ് തോന്നേണമോ അവനോട് കനിവ് കാണിക്കും. ഇതു വായനക്കാർ വായിക്കുമ്പോൾ നമുക്കു ദൈവത്തെക്കുറിച്ചുള്ള അഭിപ്രായം തെറ്റായി മാറിപ്പോകരുത്. നാം വെറും കളിമണ്ണാണ്. ഇതെന്തു ന്യായം എന്നു ചോദിക്കുവാൻ നമുക്കു അവകാശമില്ല. നമ്മെ ഉണ്ടാക്കിയ ദൈവത്തിനു നമ്മുടെമേൽ സർവ്വഅവകാശവും അധികാരവും ഉണ്ട്. അതുകൊണ്ട് നാം നമ്മെ താഴ്ത്തി പൊടിയായി കരുതി അവന്റെ കാലിൽ വീഴുന്നതു നമുക്കു നല്ലത്.


**NOVEMBER - 2023**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.